പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1523 — 14.12.2012-ൽ മറുപടിക്ക്

നഗരങ്ങളിലെ മാലിന്യപ്രശ്നം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബാബു.എം.പാലിശ്ശേരി | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ നഗരങ്ങളിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണ്; | എ) ഉറവിട മാലിന്യം സംസ്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി വീടുകളിലും സ്ഥാപനങ്ങളിലും അനുയോജ്യമായ ലഘുവായ സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിനും അവയ്ക്കുള്ള സബ്സിഡി നിരക്ക് ഉയർത്താനും കഴിഞ്ഞു. കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് 75% സബ്സിഡിയും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഭാഗത്ത് നിന്ന് 15% സബ്സിഡിയും ചേർത്ത് ആകെ 90% സബ്സിഡി നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ഗാർഹിക തലത്തിലുള്ള ബയോഗ്യാസ് പ്ലാന്റുകൾക്ക് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും ശുചിത്വ മിഷൻ വഴി 50% സബ്സിഡിയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗത്ത് നിന്നും 25% സബ്സിഡിയും ചേർത്ത് 75% സബ്സിഡിയായി ഉയർത്താനും കഴിഞ്ഞു. നിലവിലുള്ള പ്ലാന്റുകളുടെ നവീകരണത്തിനും പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് 100% സാമ്പത്തിക സഹായം സർക്കാരിന്റെ ഭാഗത്ത് നിന്നും ലഭ്യമാക്കിവരുന്നു. 2011-12 സാമ്പത്തിക വർഷത്തിൽ ഇതിനായി 49.5 കോടി രൂപ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭ |

കൾക്കുമായി അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതു കൂടാതെ പി. പി. പി അടിസ്ഥാനത്തിൽ മാലിന്യ പ്രശ്നമുണ്ടാക്കാത്ത, വിദ്യുച്ഛക്തി ഉത്പാദിപ്പിക്കാൻ കഴിയുന്ന ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള പ്ലാന്റു കൾ തിരുവനന്തപുരം, എറണാകുളം, കോട്ട യം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, എന്നിവിട ങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.

ബി) സംസ്ഥാനത്ത് ഏതെല്ലാം നഗരങ്ങ ളിൽ മാലിന്യപ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം അറിയിക്കുമോ ?

ബി) ആറ്റിങ്ങൽ പോലെയുള്ള ചില നഗര സഭക ളിൽ മാലിന്യ പ്രശ്നം പരിഹരിക്കാൻ കഴി ഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് കേരളത്തിൽ ഉണ്ടായിട്ടുള്ള മാലിന്യ പ്രശ്നങ്ങൾ വർഷങ്ങ ളായി മാലിന്യം വേണ്ട വിധം സംസ്ക്കരിക്ക പ്പെടാതെ വന്നതിലൂടെ ഉണ്ടായതാണ്. അതു പരിഹരിക്കണമെങ്കിൽ കൂട്ടായ ശ്രമങ്ങളിലൂടെ സമയബന്ധിതമായി മാത്രമേ കഴിയുകയുള്ളു. അതിനുള്ള തീവ്രമായ ശ്രമമാണ് നടത്തി വരു ന്നത്. ഉറവിട മാലിന്യ സംസ്ക്കരണം തുടങ്ങി ആധുനിക പ്ലാന്റുകളുടെ സ്ഥാപനം വരെ അതിനുള്ള ശ്രമങ്ങളാണ്. എന്നാൽ എല്ലാ ശ്രമങ്ങൾക്കും ആക്കം കുറയുന്നത് മാലിന്യ പ്ലാന്റുകൾക്ക് എതിരെയുള്ള ജനങ്ങളുടെ എതിർപ്പാണ്. ബോധവൽക്കരണത്തിലൂടെ ഒരു മാറ്റമുണ്ടാക്കാനാണ് തീവ്രമായ ശ്രമം.

സെക്ഷൻ ഓഫീസർ